എന്നറിയുന്നതിന് അവിടത്തെ ശമ്പളസ്കെയിലിന്റെ ഒരു ലിസ്റ്റു കിട്ടിയാലേ സാധിക്കയുള്ളൂ.

MR ABDUL AZIZ : ഈ നയം മേലാലും തുടരണമെന്നാണോ ഗവണ്മെൻറ് വിചാരിക്കുന്നത് ?

HON'BLE MR. T. K. NARAYANA PILLAI : ഇപ്പോഴത്തെ വിചാരം അതുതന്നെയാണ്. എന്തെങ്കിലും ഇതിൽ ഒരു വ്യത്യിയാനം വരുത്തണമെന്നുകണ്ടാൽ അതും ചെയ്യേക്കും.

MR. K. A. MATHEW (*Thiruvalla IV—General*) : ഇൻഡ്യാഗവണ്മെൻറിലേക്ക് അപേക്ഷകൾ ഈ ഗവണ്മെൻറുമുഖാന്തരം അയയ്ക്കാൻ പാടില്ലെന്ന ഉത്തരവു പാസ്സാക്കിയിരിക്കെ, എക്സ്ക്യൂഷൻ കൊടുത്തു് വല്ല പെറ്റിഷനും അയച്ചുകൊടുത്തിട്ടുള്ളതായി അറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI: അറിയാൻപാടില്ല.

MR. K. A. MATHEW : ആ കാര്യം അന്വേഷണംചെയ്തതിൽ പിന്നീടു് മറുപടി പറയുമോ ?

HON'BLE MR. T. K. NARAYANA PILLAI : നിശ്ചയമായിട്ടും.

MR. KALATHIL VELAYUDHAN NAIR (*Changanacherry II—General*) : ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ ഇൻഡ്യാഗവണ്മെൻറിലേക്ക് അയയ്ക്കുന്നതുകൊണ്ടുള്ള അഭിമാനം ഈ ഗവണ്മെൻറിനല്ലേ ?

HON'BLE MR. T. K. NARAYANA PILLAI: ഗവണ്മെൻറിന് അഭിമാനമുണ്ടെന്നു സമ്മതിക്കുന്നു. എന്നാൽ ഉദ്യോഗത്തിൽ ഇരിക്കുന്നവർക്ക് ഈ ഗവണ്മെൻറിനോടും ചില ചുമതലകളും കടമയും ഉണ്ടെന്ന് അവർ മനസ്സിലാക്കിയാൽകൊള്ളാം.

വൈക്കം—മൂത്തേടത്തുകാവുറോഡ്.

*68 MR. V. MADHAVAN (*Vaikom II—General*): : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പിന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) വൈക്കംമുതൽ മൂത്തേടത്തുകാവുവരെ ഒരു റോഡ് വെട്ടേണ്ട ആവശ്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതിനു വല്ല നടപടിയും ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH : (എ) ഗവണ്മെൻറിൻെറ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്.

(ബി) അതിലേക്കാവശ്യമുള്ള നടപടികൾ എടുത്തിട്ടുണ്ട്.

ആ റോഡു വെട്ടുന്നതിന് ആദ്യത്തെ ഒരു മൈലിന് പതിനാ യിരം രൂപയും അതിനുശേഷം എഴുപത്തയ്യായിരം രൂപയും ചിലവാകു മെന്നുള്ള ഒരു എസ്റ്റിമേറു തയ്യാറാക്കീട്ടുണ്ട്.

ഇത്തിപ്പുഴ പാലം.

* 69. MR. V. MADHAVAN : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തിൻെറ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) വൈക്കം താലൂക്കിൽ ഇത്തിപ്പുഴ പാലം പോയതുമൂലം ഗതാഗതത്തിനു തടസ്സമുണ്ടായിട്ടുള്ള വിവരം ഗവണ്മെൻറിന് അറി യാമോ?

(ബി) പ്രസ്തുതപാലം പണിയുന്നതിനു വല്ല നടപടിയും തുട ങ്ങിയിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : (എ) ഗവണ്മെൻറിനറിയാം. ഗതാഗതസൗകര്യത്തിനുവേണ്ടി വള്ളവും ചങ്ങാടവും ഏർപ്പാടാക്കിയിട്ടുണ്ട്.

(ബി) ആ പാലം പണിയുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ഏറുമാന്തർ റോഡിൽ നിന്നും തുരുവേലിക്കുന്നിനു സമീപം ചെന്നു മുട്ടുന്ന വഴി.

* 70. MR. V. MADHAVAN : താഴെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രി സദയം മറുപടി നൽകുമോ?

(എ) വൈക്കം ഉദയനാപുരം റോഡിൽ നിന്നും വൈക്കം ഏറുമാന്തർ റോഡിൽ തുരുവേലിക്കുന്നിനു സമീപം ചെന്നുമുട്ടുന്ന ഒരു വഴി മൺപുണ്ടായിരുന്നോ?

(ബി) ആ വഴിയുടെ പല ഭാഗങ്ങളും ഇപ്പോൾ കാണാ നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly